പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2011 16.02.2016-ൽ മറുപടിയ്ക്ക്

## നീന്തൽപരിശീലനകുളങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.അബ്ദു റഹിമാൻ രണ്ടത്താണി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | നീന്തൽ പരിശീലനത്തിനായി എത്ര കുളങ്ങളും സ്വിമ്മിംഗ് പൂളുകളും നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് ഉടനീളമുള്ള കുളങ്ങളും സ്വിമ്മിംഗ് പൂളുകളും സംബന്ധിച്ച് കായികയുവജനകാര്യവകുപ്പോ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലോ ഔദ്യോഗിക കണക്കെടുപ്പ് നടത്തിയിട്ടില്ല. എങ്കിലും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എല്ലാ ജില്ലകളിലും പരിശീലനത്തിനായി നീന്തൽ കുളങ്ങൾ നിർമ്മിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വകുപ്പിന് കീഴിലുള്ളതെന്ന് വിശദമാക്കുമോ ; | (ബി) | നീന്തൽക്കുളം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സ്വന്തമായുള്ള സർക്കാർ സ്കൂൾ, പഞ്ചായത്ത്, എയ്ഡഡ് സ്കൂൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സ്മൈൽ പദ്ധതിയിലുൾപ്പെടുത്തി നീന്തൽക്കുളം നിർമ്മിച്ചു നൽകുന്നുണ്ട്. ഇതുകൂടാതെ കുട്ടികളുടെ നീന്തൽ പരിശീലനത്തിനായി സ്വിം എൻ സർവൈവ് പദ്ധതി പ്രകാരം തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിൽ ഓരോ പോർട്ടബിൾ നീന്തൽക്കുളം നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (സി) | താനൂർ നിയോജകമണ്ഡലത്തിലെ മുക്കാംതോട് കുളം, നീന്തൽകുളമായി വികസിപ്പിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഇല്ല |
| (ഡി) | താനൂർ നഗരസഭയുടെ കീഴിലുള്ള പ്രസ്തുത കുളം നീന്തൽ പരിശീലന കുളമായി ഉയർത്തുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) | ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

Manoj M

**സെക്ഷൻ ഓഫീസർ**

അനുബന്ധം

തിരുവനന്തപുരം

1. പിരപ്പൻകോട് അന്താരാഷ്ട്ര നീന്തൽക്കുളം - കെ.എസ്.എസ്.സി
2. നന്ദിയോട് സ്വിമ്മിംഗ് പൂൾ - കെ.എസ്.എസ്.സി
3. എൽ.എൻ.സി.പി.ഇ കാര്യവട്ടം -സായ്
4. വെള്ളയമ്പലം സ്വിമ്മിംഗ് പൂൾ -ഡയറക്ടറേറ്റ്
5. പള്ളിച്ചൽ പഞ്ചായത്ത് സ്വിമ്മിംഗ് പൂൾ
6. വെള്ളനാട് സ്വിമ്മിംഗ് പൂൾ
7. കല്ലമ്പലം സ്വിമ്മിംഗ് പൂൾ

ജില്ലയിലെ നീന്തൽ കുളങ്ങൾ

1. പിരപ്പൻകോട് ക്ഷേത്രക്കുളം
2. കാവ്യാട് ദിവാകരപ്പണിക്കർ മെമ്മോറിയൽ നീന്തൽക്കുളം വേങ്കവിള റോയൽ നീന്തൽക്കുളം - വെമ്പായം- പുലരി
3. വേങ്കവിള റോയൽ നീന്തൽക്കുളം
4. ആലംന്തറ ശ്രീ ശാസ്താ നീന്തൽക്കുളം
5. മങ്ങാടിമൂട് പ്രയദർശിനി നീന്തൽക്കുളം
6. കൊയ്ത്തൂർക്കോണം നീന്തൽക്കുളം
7. മഞ്ഞമല നീന്തൽക്കുളം
8. കരകുളം നീന്തൽക്കുളം
9. കുടപ്പനക്കുന്ന് നിന്തൽക്കുളം
10. കരിമഠം അക്വാട്ടിക് സെന്റർ നീന്തൽക്കുളം
11. ജോത്സന നീന്തൽക്കുളം
12. കീഴായികോണം നീന്തൽക്കുളം വെഞ്ഞാറമൂട്

**കൊല്ലം**

കൊല്ലം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ നീന്തൽ പരിശീലനത്തിനായി കുളം/സ്വിമ്മിംഗ് പൂൾ നിലവിലില്ല. കൊല്ലം ജില്ലയിൽ നീന്തൽ പരിശീലനം നടത്തുന്ന കുളം/സ്വിമ്മിംഗ് പൂൾ എന്നിവയെ സംബന്ധിച്ച് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

1. കൊല്ലം ബീച്ച് (സ്വിമ്മിംഗ് പൂൾ)
2. ഓക്സ്ഫോഡ് സ്കൂൾ (സ്വിമ്മിംഗ് പൂൾ)
3. എസ്.എൻ ട്രസ്റ്റ് സ്കൂൾ
4. ഗവ.എച്ച്.എസ്.എസ്. കടയ്ക്കൽ (കുളം)
5. പൂയ്യപ്പള്ളി
6. കരുനാഗപ്പള്ളി, കുണ്ടറ (കായൽ)

**കണ്ണൂർ**

കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പുഴാതി വില്ലേജിൽ കക്കാട് എന്ന സ്ഥലത്തു ആധുനിക രീതിയിലുള്ള നീന്തൽക്കുളം നിർമ്മിച്ചിട്ടുണ്ട്. പൂളിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ജില്ലയിൽ മാങ്ങാട്ടുപറമ്പു കെ എ പി ആസ്ഥാനത്തും കണ്ണൂർ യൂണിവേഴ്സിറ്റിയിലും നീന്തൽക്കുളങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നിരവധി സ്വകാര്യ സ്ഥാപനങ്ങളിൽ നീന്തൽകുളങ്ങൾ ഉണ്ടെങ്കിലും കണക്കുകൾ ലഭ്യമല്ല.

വയനാട്

വയനാട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരിയിൽ കടമാൻചിറ നീന്തൽകുളം പരിശീലനത്തിനായി ഉപയോഗിച്ചു വരുന്നുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മറ്റു സ്വിമ്മിംഗ് പൂളുകളോ, നീന്തൽ കുളങ്ങളോ ഇല്ല.

**കോഴിക്കോട്**

കോഴിക്കോട് ജില്ലയിൽ നീന്തൽ പരിശീലനത്തിനായുള്ള സ്വിമ്മിംഗ് പൂളുകളുടെയും കുളങ്ങളുടെയും ഔദ്യോഗിക കണക്ക് ലഭ്യമല്ല.

കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഈസ്റ്റ് നടക്കാവ് യു.പി.സ്കൂളിൽ ഒരു സ്വിമ്മിംഗ് പൂൾ ഉണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

കോഴിക്കോട് നഗരത്തിൽ പ്രൈവറ്റ് സ്ഥാപനമായി റോട്ടറി സ്വിമ്മിംഗ് പൂൾ പ്രവർത്തിക്കുന്നുണ്ട്.

**എറണാകുളം**

കടവന്ത്രയിലെ റീജിയണൽ സ്പോർട്സ് സെന്ററിൽ നിലവിൽ നീന്തൽ കുളം ഉണ്ട്. ആയത് റീജിയണൽ സ്പോർട്സ് സെന്ററിന്റെ നിയന്ത്രണത്തിലാണ്.

M.T.M.H.S.S പാമ്പാക്കുട, എറണാകുളം സ്കൂളിൽ നീന്തൽകുളം നിലനിൽക്കുന്നു. ആയത് മേൽ സ്കൂളിന്റെ നിയന്ത്രണത്തിലാണ്.

രാജഗിരി സ്വമ്മിംഗ് അക്കാദമി കളമശ്ശേരിയിൽ നീന്തൽ കുളം നിലനിൽക്കുന്നു. ആയത് രാജഗിരി സ്വമ്മിംഗ് അക്കാദമി നിയന്ത്രണത്തിലാണ്.

**കാസർഗോഡ്**

കാസർഗോഡ് ജില്ലയിൽ ഈസ്റ്റ് എളേരി പഞ്ചായത്തിൽ പാലാവയൽ എന്ന സ്ഥലത്ത് ആധുനിക രീതിയിലുള്ള നീന്തൽ കുളം ഡയറക്ടറേറ്റ് ഓഫ് സ്പോർട്സിന്റെ ചിലവിൽ നിർമ്മിച്ചിട്ടുണ്ട്. ഇപ്പോൾ പ്രവർത്തനം നടക്കുന്നുണ്ട്. ചില സ്വകാര്യ സ്ഥാപനങ്ങളിൽ നീന്തൽ കുളങ്ങൾ ഉണ്ടെങ്കിലും കണക്കുകൾ ലഭ്യമല്ല.

**<u>ആലപ്പുഴ</u>**

ജില്ലാ സ്പോർട്സ് കൗൺസിലിൽ ലഭ്യമായ വിവരപ്രകാരം ആലപ്പുഴ ജില്ലയിൽ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള "രാജാകേശവദാസ്" സ്വിമ്മിംഗ് പൂൾ മാത്രമാണ് നീന്തൽ പരിശീലനത്തിനായി ലഭ്യമായിട്ടുള്ളത് എന്ന വിവരം അറിയിച്ചുകൊള്ളുന്നു. ഇത് ഇപ്പോൾ അറ്റകുറ്റ പണികൾക്കായി അടച്ചിട്ടിരിക്കുകയാണ്.

**<u>പാലക്കാട്</u>**

നീന്തൽ പരിശീലനത്തിനായി പാലക്കാട് ജില്ലയിൽ സ്വിമ്മിംഗ് പൂൾ നിലവിലില്ല.

കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ എരകുളം, പല്ലശ്ശന ഗ്രാമപഞ്ചായത്തിലെനരികുളം, നെന്മാറ ഗ്രാമപഞ്ചായത്തിലെ നെല്ലികുളങ്ങര ക്ഷേത്ര കുളം, കൊടുവായൂർ ഗ്രാമ പഞ്ചായത്തിലെ കാക്കയൂർക്ഷേത്രകുളം, അകത്തേത്തറപുന്നകുളം എന്നിവയാണ് നീന്തൽ പരിശീലന കുളങ്ങൾ.

**<u>പത്തനംതിട്ട</u>**

നിലവിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കുളങ്ങളും, സ്വിമ്മിംഗ് പൂളകളുമില്ല. എന്നാൽ സ്വകാര്യ സ്വിമ്മിംഗ് പൂളുകൾ 3 എണ്ണം പത്തനംതിട്ട ജില്ലയിലുണ്ട്.

**<u>ഇടുക്കി</u>**

ഇടുക്കി ജില്ലയിൽ നീന്തൽ പരിശീലനത്തിനായി ഒരു സ്വകാര്യ വ്യക്തിയുടെ നീന്തൽ കുളമല്ലാതെ മറ്റു സൗകര്യങ്ങൾ നിലവിലില്ല. കോടികുളം ഗ്രാമപഞ്ചായത്തിലെ വമറ്റം എന്ന സ്ഥലത്ത് ബേബി വർഗ്ഗീസ് എന്ന വ്യക്തി സ്വയം മുതൽ മുടക്കി തന്റെ വീടിനോടുചേർന്നു പണി തീർത്തിട്ടുള്ള 25 മീറ്റർ നീളവും, 6 മീറ്റർ വീതിയുമുള്ള ഈ സ്വകാര്യ നീന്തൽകുളമാണ്, നീന്തൽ പരിശീലനത്തിനും നീന്തൽ മത്സരങ്ങൾക്കുമായി ജില്ലയിൽ ഉപയോഗിച്ചു വരുന്നത്.

ഇടുക്കി ജില്ലയിൽ ഇടവെട്ടി ഗ്രാമപഞ്ചായത്തിൽ 110 മീറ്റർ നീളവും, 60 മീറ്റർ വീതിയുമുള്ള വിസ്തൃതമായ ഇടവെട്ടിച്ചിറയുടെ ഒരു ഭാഗത്ത് തൃതല പഞ്ചായത്തുകൾ എം.പി, എം.എൽ.എ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവരുടെ സാമ്പത്തിക സഹായത്താൽ നീന്തൽ കുളത്തിന്റെ ജോലികൾ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ഉപയോഗയോഗ്യമല്ല.

കോട്ടയം

| | | |
|---|---|---|
| തോപ്പൻസ് സ്വിമ്മിംഗ് അക്കാഡമി, കുരുവിലങ്ങാട് | - | 25 മീറ്റർ |
| തോപ്പൻസ് സ്വിമ്മിംഗ് അക്കാഡമി, പാല | - | 25 മീറ്റർ |
| കെ.ജി.എസ് സ്വിമ്മിംഗ് പൂൾ, പുല്ലരികുന്ന്, കോട്ടയം | - | 25 മീറ്റർ |
| പള്ളിക്കൂടം സ്കൂൾ, കോട്ടയം | - | 25 മീറ്റർ |
| സെന്റ് വിൻസെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ പാല | - | 25മീറ്റർ |
| കോട്ടയം ക്ലബ് | - | 10 മീറ്റർ |
| പാല മുനുസിപ്പാലിറ്റി | - | 25 മീറ്റർ |
| സെന്റ് തോമസ് കോളേജ് പാല | - | 50 മീറ്റർ |

**തൃശ്ശൂർ**

നീന്തൽ പരിശീലനത്തിനായി തൃശ്ശൂർ ജില്ലയിൽ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ അക്വാട്ടിക് കോംപ്ലക്സിൽ ഒരു സ്വിമ്മിംഗ് പൂൾ പ്രവർത്തിക്കുന്നുണ്ട്. ജലസേചന വകുപ്പിന്റെ കീഴിൽ പീച്ചിയിൽ ഒരു സ്വിമ്മിംഗ് പൂൾ ഉണ്ട്. ഇത് കൂടാതെ സ്വകാര്യ വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലും സ്വിമ്മിംഗ് പൂളുകളുണ്ട്.

**മലപ്പുറം**

നീന്തൽ പരിശീലനത്തിന് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ അധീനതയിൽ സ്വിമ്മിംഗ് പൂളുകളോ കുളങ്ങളോ ജില്ലയിൽ ഇല്ല. പരിസര പ്രദേശങ്ങളിലെ പുഴകൾ കുളങ്ങൾ സ്വകര്യാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്വിമ്മിംഗ് പൂളുകൾ എന്നിവയിലാണ് ജില്ലാ സ്പോർട്സ് കൗൺസിൽ നീന്തൽ പരിശീലനവും മത്സരങ്ങളും നടത്തുന്നത്.

Manoj M
സെക്ഷൻ ഓഫീസർ